പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 237

# 2025-ലെ വയോജന ശാക്തീകരണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 237

# 2025-ലെ വയോജന ശാക്തീകരണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

193/2025.

# 2025-ലെ വയോജന ശാക്തീകരണ ബിൽ

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ. നോട്ടീസ് നൽകിയത്)

വയോജന വികസന പദ്ധതി ആസൂത്രണത്തിൽ നവീന കാഴ്ചപ്പാടും സമീപനവും ആവിഷ്കരിക്കുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—വയോജന വികസനത്തിനായി പുതിയ കാഴ്ചപ്പാടോടുകൂടി ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഇതിന് ഉതകുന്ന സഹായകരമായ പ്രവർത്തനങ്ങൾ വയോജനങ്ങൾക്ക് എത്തിക്കുന്നതിനായി ഒരു ബോർഡ് രൂപീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. ഇതിനായി ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായിരിക്കയാൽ;

ഭാരതറിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(എ) ഈ ആക്റ്റിന് '2024-ലെ വയോജന ശാക്തീകരണ ആക്റ്റ്'' എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ് .

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ് " എന്നാൽ വയോജന വികസനത്തിനായി പുതിയ കാഴ്ചപ്പാടോടുകൂടി ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ആക്റ്റിലെ വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ബോർഡ്" എന്നാൽ ഈ ആക്റ്റിലെ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള വയോജന ശാക്തീകരണ ബോർഡ് എന്നർത്ഥമാകുന്നു;

(ഇ) "തദ്ദേശാധികാര സ്ഥാപനങ്ങൾ" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് /മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(എഫ് )" ജില്ലാ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ജി) "മുനിസിപ്പാലിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ/മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(എച്ച്) "ഗ്രാമ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ഐ) "കളക്ടർ " എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(ജെ) "ജില്ലാതല അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 5- ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല അതോറിറ്റി എന്നർത്ഥമാകുന്നു;

(കെ) "വയോജനങ്ങൾ" എന്നാൽ 60 വയസ്സിന് മേൽ പ്രായമുള്ള മുതിർന്ന പൗരൻ എന്നർത്ഥമാകുന്നു;

(എൽ) "റാപ്പിഡ് ആക്ഷൻ ടീം" എന്നാൽ പെട്ടെന്ന് പ്രവർത്തിക്കാൻ സാധിക്കുന്ന ആളുകളുടെ കൂട്ടം എന്നർത്ഥമാകുന്നു;

(എം) "അതിദരിദ്രർ" എന്നാൽ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന ജനവിഭാഗം എന്നർത്ഥമാകുന്നു.

3. വയോജന ശാക്തീകരണ ബോർഡ് രൂപീകരണം.—ഗസറ്റ് വിജ്ഞാപനം വഴി നിർദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി നടപ്പാക്കുന്ന വയോജന വികസനത്തിനായി പുതിയ കാഴ്ചപ്പാടോടുകൂടി ശാക്തീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത്

നടത്തുന്നതിനും അതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും വയോജന ശാക്തീകരണ ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.— ബോർഡ് ഗസറ്റ് വിജ്ഞാപനത്തിലൂടെ പന്ത്രണ്ടംഗ ഭരണസമിതിയെ നിയമിക്കേണ്ടതാണ്. അതിൽ നിർബന്ധമായും മൂന്ന് നിയമസഭ സാമാജികരും, സർക്കാർ നിർദ്ദേശിക്കുന്ന താഴെപ്പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്:

I. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ;

II. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി;

III. സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ;

IV. സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി;

V. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി;

VI. സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി;

VII. സംസ്ഥാന തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

VIII. രണ്ട് പൊതു പ്രവർത്തകർ.

ബോർഡിലെ അംഗങ്ങളിൽ നിന്നും ഒരാളെ ചെയർമാനായോ/ചെയർപേഴ്സണായോ സർക്കാരിന് നാമനിർദേശം ചെയ്യാവുന്നതാണ്. ആക്റ്റിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ് :

(എ) വയോജനങ്ങളുടെ വിവിധ തരത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ചും അതിന് പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും പ്രായോഗികമായ ആസൂത്രണത്തെക്കുറിച്ചും നിർവഹണത്തെക്കുറിച്ചും വിശദമായ പഠനം നടത്തി നടപടികൾ സ്വീകരിക്കുക;

(ബി) പ്രത്യേക പരിഗണന ആവശ്യമായ 80 വയസ്സിന് മുകളിൽ പ്രായമായവർ, വിധവകൾ, ഒറ്റപ്പെട്ടു പോയവർ തുടങ്ങിയ വിഭാഗങ്ങളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പുവരുത്തുക;

(സി) മീറ്റിങ്ങുകൾ വിളിച്ചു ചേർത്ത് എല്ലാ മാസവും അവലോകനവും മെച്ചപ്പെടുത്തേണ്ടവയെക്കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക;

(ഡി) വയോജന നയത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ വയോജന സൗഹൃദമാക്കൽ, വയോജന സൗഹൃദ പശ്ചാത്തല സൗകര്യം ഏർപ്പെടുത്തൽ, സംസ്ഥാനതല വയോജന കർമ്മപരിപാടിയും നയവും രൂപീകരിക്കൽ.

5. <u>ജില്ലാതല അതോറിറ്റിയുടെ രൂപീകരണവും ഘടനയും</u>.—(1) സർക്കാർ വിജ്ഞാപനം വഴി ഈ ആക്റ്റ് നിലവിൽ വന്നതിന് ശേഷം എത്രയുംവേഗം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്ക് വേണ്ടിയും നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാതല അതോറിറ്റിയിലും താഴെപ്പറയുന്ന പ്രകാരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) ജില്ലാ കളക്ടർ;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ;

(സി) ജില്ലയിൽ നിന്നുള്ള നിയമസഭാ സമാജികർ;

(ഡി) ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ.

(3) ജില്ലാ കളക്ടർ ജില്ലാതല അതോറിറ്റിയുടെ ചെയർമാനും ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ കൺവീനറുമായിരിക്കുന്നതാണ്.

6. <u>ജില്ലാതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.— ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(i) ജില്ലാ തലത്തിൽ വയോജനങ്ങളുടെ വിവരശേഖരണവും പ്രശ്നങ്ങൾ പഠിക്കുകയും വിലയിരുത്തുകയും പ്രശ്നപരിഹാരത്തിന് വേണ്ട പ്രോജക്ടുകൾ നിർമ്മിക്കുകയും പ്രാബല്യത്തിൽ വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(ii) ജില്ലാതല മീറ്റിങ്ങുകൾ വിളിച്ചു ചേർത്ത് എല്ലാ മാസവും അവലോകനവും മെച്ചപ്പെടുത്തേണ്ടവയെക്കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക.

(iii) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(iv) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക;

(v) ജില്ലാതല വയോജന കർമ്മപരിപാടിയും നയവും രൂപീകരിക്കലിൽ ഒരു ജില്ലക്കകത്തുള്ള എല്ലാ ബ്ലോക്കുകളുടെയും നഗരസഭകളുടെയും കോർപറേഷന്റെയും സംയുക്ത ഇടപെടൽ സാധ്യമാക്കുക.

7. പ്രാദേശികതല സംഘാടകസമിതിയുടെ രൂപീകരണം.—(1) ഗ്രാമപഞ്ചായത്തുകളിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്:

(എ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർമാൻ / ചെയർപേഴ്സൺ/ മുനിസിപ്പൽ കോർപ്പറേഷൻ മേയർ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി;

(സി) പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസർമാർ;

(ഡി) പ്രസ്തുത പ്രദേശത്തെ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ;

(ഇ) പ്രദേശത്തെ തദ്ദേശസ്വയംഭരണ അധികാര സ്ഥാപനത്തിലെ ഭരണ സമിതി നിശ്ചയിക്കുന്ന 3 പൊതു പ്രവർത്തകർ;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങളിൽനിന്നും ഭരണ സമിതി നിർദ്ദേശിക്കുന്ന 3 അംഗങ്ങൾ.

(2) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർപേഴ്സൺ/ ചെയർമാൻ/മേയർ അതത് സംഗതിപോലെ സമിതിയുടെ ചെയർമാനായിരിക്കേണ്ടതും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി അതത് സംഗതിപോലെ കൺവീനറായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും, സമയത്തും അതോറിറ്റിയുടെ യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരം ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവഹിക്കേണ്ടതുമാണ്.

8. പ്രാദേശികതല സംഘാടകസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1)

(i) പ്രാദേശികതലത്തിൽ വയോജനങ്ങളുടെ വിവരശേഖരണവും, അവരുടെ നാനാവിധത്തിലുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും, പ്രോജക്ടുകൾ നിർമ്മിക്കുകയും പ്രാബല്യത്തിൽ വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(ii) പ്രാദേശികതലത്തിൽ മീറ്റിങ്ങുകൾ വിളിച്ചു ചേർത്ത് എല്ലാ മാസവും അവലോകനവും മെച്ചപ്പെടുത്തേണ്ടവയെക്കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക;

(iii) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(iv) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക;

(v) വയോജന അയൽക്കൂട്ടം രൂപീകരിക്കുവാൻ മുൻകയ്യെടുക്കുന്ന പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുക, വയോജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക, വയോജനനയവും കർമ്മപരിപാടിയും കൃത്യമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തു;

(vi) വയോജന സഹായ സമിതിയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക;

(vii) വയോജനങ്ങളുടെ ആരോഗ്യ സുരക്ഷാപ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ തയ്യാറാക്കുക;

(viii) അതി ദരിദ്രരായ വയോജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ സംരക്ഷണം, കിടപ്പാടം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(ix) വയോജനങ്ങളുടെ സേവനം നാടിന്റെ വളർച്ചക്കും സാമൂഹ്യനിർമ്മിതിക്കും ഉപകാരപ്പെടുത്തുന്ന രീതിയിൽ സംവിധാനങ്ങൾ ക്രമപ്പെടുത്തുക;

(x) മുതിർന്ന പൗരന്മാരുടെ അയൽക്കൂട്ടം, വയോജനങ്ങൾക്കായുള്ള പ്രത്യേക ഗ്രാമസഭ, പകൽവീട് മാനേജ്മെന്റ് സമിതികൾ തുടങ്ങിയവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു സീനിയർ സിറ്റിസൺ ഫോറം രൂപീകരിക്കുക;

(xi) ബഡ്ജറ്റ് വകയിരുത്തലും വിവിധ സേവനങ്ങളുടെ സംയോജിത പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തൽ;

(xii) തദ്ദേശ തലത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന വയോജനങ്ങൾക്ക് മീൽസ് ഓൺ വീൽസ് പ്രോഗ്രാം പോലെയുള്ള പദ്ധതികൾ ആവിഷ്കരിക്കുക, വയോജന ജാഗ്രതാ സമിതിയായി പ്രവർത്തിക്കുക, വെൽഫെയർ ഓഫ് ബാലൻസ് ആൻഡ് സീനിയർ സിറ്റിസൺ ആക്റ്റ് ഉറപ്പാക്കുന്നതിന് ആവശ്യമായ നിയമോപദേശങ്ങളും സഹായങ്ങളും വയോജനങ്ങൾക്ക് ലഭ്യമാക്കുക;

(xiii) വയോജന സംരക്ഷണകേന്ദ്രങ്ങൾ, പകൽവീടുകൾ എന്നിവ കേന്ദ്രീകരിച്ച് വിനോദസഞ്ചാര പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക;

(xiv) പരാശ്രയമില്ലാതെ ജീവിക്കുന്ന വയോജനങ്ങൾക്ക് അത്യാവശ്യഘട്ടങ്ങളിൽ സഹായിക്കുന്നതിനു വേണ്ടി റാപ്പിഡ് ആക്ഷൻ ടീമിനെ സജ്ജമാക്കുക.

9. <u>ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ</u>.—ഈ ആക്റ്റ് പ്രകാരം സർക്കാരിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് ബോർഡിനെ സഹായിക്കുന്ന ഒരു സെക്രട്ടറിയും ആവശ്യമെങ്കിൽ അവർ കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

10. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(എ) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഒരു പ്രദേശത്ത് ജീവിക്കുന്ന എല്ലാവരുടെയും പ്രത്യേകിച്ച് പൊതു നിലവാരത്തിൽ നിന്നും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നത് ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ഇന്ത്യയിൽ ജനസംഖ്യക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ വയോജനങ്ങൾ ഉള്ളത് കേരളത്തിലാണ്. 60 വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന പൗരന്മാരുടെ സംഖ്യ 2011 സെൻസസ് പ്രകാരം 12.5 ശതമാനം എന്നത് 2026 ൽ 23 ശതമാനം ആകും എന്ന് കണക്കാക്കിയിട്ടുണ്ട്. മുതിർന്ന പൗരൻമാർക്കിടയിൽ വനിതകളാണ് അധികവും. ഇവരിൽ 55% വൈധവ്യം ബാധിച്ചവരാണ്. കേരളത്തിലെ ജനസംഖ്യയിൽ വ്യത്യസ്ത പ്രായങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും ഗണ്യമായ മാറ്റം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ജനന മരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വർധിച്ചിട്ടുണ്ട്.

കുടുംബത്തിലും സമൂഹത്തിലും വയോജനങ്ങൾ ഏറെ അവഗണിക്കപ്പെടുകയോ ഒറ്റപ്പെട്ടു പോവുകയോ ചെയ്യുന്നു. തൊഴിൽ തേടി പട്ടണങ്ങളിലേക്കും മറ്റു നാടുകളിലേക്കും പ്രിയപ്പെട്ടവർ ചേക്കേറുമ്പോൾ അണുകുടുംബ വ്യവസ്ഥിതി ദ്രുതഗതിയിൽ വ്യാപിക്കുന്നു. വയോജനങ്ങളെ വേണ്ടവിധം പരിരക്ഷിക്കുവാനും സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും കഴിയാത്ത അവസ്ഥയിലേക്ക് മാറുകയും ചെയ്യുന്നു. വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും കുറിച്ച് പഠിക്കുകയും ഇതിനു പ്രായോഗികതലത്തിൽ പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതിനുവേണ്ടി ഉതകുന്ന ഒരു നിയമം അത്യന്താപേക്ഷിതമാണ്.

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് വയോജന ശാക്തീകരണ ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ബോർഡിന്റെ പ്രാരംഭ ചെലവുകൾക്ക് ഒരു കോടി രൂപ സഞ്ചിത നിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വെക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കാനും ഭേദഗതി ചെയ്യുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.